ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി

1.	തിരുവനന്തപുരം	232
2.	കൊല്ലം	433
3.	പത്തനംതിട്ട	60
4.	ആലപ്പുഴ	369
5.	കോട്ടയം	52
6.	ഇടുക്കി	62
7.	എറണാകുളം	402
8.	തൃശ്ശൂർ	177
9.	പാലക്കാട്	53
10.	മലപ്പുറം	62
11.	വയനാട്	33
12.	കോഴിക്കോട്	28
13.	കണ്ണൂർ	58
14.	കാസർഗോഡ്	37

പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ പരാതികൾ കെട്ടികിടക്കുന്നില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പരാതികളിൽ തീർപ്പുകൽപ്പിച്ചു വരുന്നുണ്ട്.

(സി) ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവം അനുസരിച്ചുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്. പരാതി അതോറിറ്റിയിൽ സ്വീകരിച്ച് കഴിഞ്ഞാൽ കുറ്റാരോപിതനായ പോലീസ് ഉദ്യോഗസ്ഥന്റെ പ്രതിവാദ പത്രിക സമർപ്പിക്കാൻ ആവശ്യപ്പെടുകയും ആയതിന് 14 ദിവസത്തിൽ കുറയാത്ത സമയപരിധി നൽകുകയും ചെയ്യുന്നു. പ്രതിവാദ പത്രിക ലഭിച്ചു കഴിഞ്ഞാൽ പരാതി തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ

17 (*737) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ വനംവകുപ്പ് സംഘടിപ്പിക്കാറുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിനായി എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം ക്യാമ്പുകളിൽ ഏതെല്ലാം വിഷയങ്ങളാണ് വിദ്യാർത്ഥികളെ പഠിപ്പിക്കാനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ബോധവൽക്കരണ പരിപാടികൾ ഫലവത്താകാതെ പോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ വനം വകുപ്പിലെ ടെറിട്ടോറിയൽ വന്യജീവി, സാമൂഹ്യവനവൽക്കരണ വിഭാഗങ്ങൾ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വനം വകുപ്പിലെ എല്ലാ വിഭാഗങ്ങളിലുമായി ആകെ 2574 പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വൃക്ഷവൽക്കരണം, വന്യജീവി പരിപാലനത്തിന്റെ പ്രസക്തി, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ കാലിക പ്രാധാന്യം, ഔഷധ സസ്യങ്ങളുടെ വിവരണം, ആവാസവ്യവസ്ഥാ പരിപാലനം, പങ്കാളിത്ത വനപരിപാലനം, പക്ഷി നിരീക്ഷണം, വിവിധയിനം പക്ഷികളെ തിരിച്ചറിയൽ, മലിനീകരണ നിയന്ത്രണം, മണ്ണ്-ജലസംരക്ഷണ പ്രവർത്തനം, ജലലഭ്യത ഉറപ്പാക്കുന്നതിൽ പശ്ചിമഘട്ടത്തിലെ വനങ്ങളുടെ പങ്ക്, തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുക ളുടെയും പ്രാധാന്യം, ലോകം നേരിടുന്ന പ്രധാന പാരിസ്ഥിതിക വിഷയങ്ങൾ, പ്രകൃതി സംരക്ഷണത്തിന്റെ ചരിത്രം, പരിണാമം, ഇപ്പോഴത്തെ അവസ്ഥ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം, ഈ കാലഘട്ടത്തിലെ പ്രധാന പ്രശ്നങ്ങളായ ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം എന്നിവ യെപ്പറ്റിയും അവയുടെ ദൂഷ്യഫലങ്ങൾ ചെറുക്കുന്നതിനെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാനും ശ്രമിക്കുന്നുണ്ട്.

(സി) ഇത്തരം ബോധവൽക്കരണ പരിപാടികൾ ഫലവത്താകാതെ പോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രകൃതി പഠന ക്യാമ്പുകൾക്കായി സ്കൂൾ കോളേജ് തലങ്ങളിൽ വ്യക്തിസമൂഹങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം കൊണ്ടുതന്നെ പ്രകൃതിപഠന ക്യാമ്പുകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുള്ളതാണ്. ഇതുകൂടാതെ ടി ക്യാമ്പുകൾ ഫലപ്രദമാണെന്ന് ആയവയിൽ പങ്കെടുത്തവരിൽ നിന്നും ലഭ്യമായിട്ടുള്ള ഫീഡ് ബാക്കുകളിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly